**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**

തിരുവനന്തപുരം

വിഷയം :- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല ആലുവ നഗരസഭ- ആലുവ വെസ്റ്റ് വില്ലേജ് പെട്രോൾ പമ്പ് -മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് ലേ ഔട്ട് , സ്ഥലത്തിന്റെ ഉപയോഗം- അംഗീകാരം സംബന്ധിച്ച് -അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ആലുവ നഗരസഭ സെക്രട്ടറിയുടെ 07/01/2019 ലെ ബിഎ. നം. 169/17-18 - നമ്പർ കത്ത്.
2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 16/03/2019 ലെ ഡി/92/2019/കെ.ഡിസ് നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/773/19-C3** തീയതി:**02/05/2019**

---

എറണാകുളം ജില്ലയിലെ ആലുവ നഗരസഭ പരിധിയിലുള്ള ആലുവ വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 32-ൽ റീ സർവ്വേ നമ്പർ 49, 50-ൽ പ്പെട്ട 1285. ച.മീ. സ്ഥലത്ത് 37.10. ച.മീ. സെയിൽസ് ബിൽഡിംഗ്, 250.ച.മീ. കനോപ്പി ഉൾപ്പെട്ട പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. മുംതാസ് എം.എം., തയ്യിൽ ഹൗസ്, കുറ്റിവട്ടം, വടക്കുംതല. പി.ഒ, കരുനാഗപ്പള്ളി, കൊല്ലം- 690536 -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി ആലുവ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസിനും കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.എം.ബി.ആർ. 1999-ലെ ചട്ടം 11 (1) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ .എം.ബി.ആർ-99 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.

3. ഫയർഫോഴ്സ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
5. a) ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലായെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.

   b) ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, കെ.എം.ബി.ആർ. ചട്ടം 57 (14) പ്രകാരം Liquid Waste Management Treatment Plant ഉം, ടി കെട്ടിടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന Waste Water, recycle ചെയ്ത് reuse ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ചട്ടം 57 (15) പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തണം.
6. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് / നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലറുകൾ, KLU order 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
7. ചട്ടം 59 (8) പ്രകാരമുള്ള ജില്ലാ കളക്ടറുടെ അംഗീകാരം നേടിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ: 36/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>**

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

സെക്രട്ടറി,
ആലുവ നഗരസഭ

<u>പകർപ്പ്:-</u>

1. മുതാംസ് എം.എം, തയ്യിൽ ഹൗസ്, കുറ്റിവട്ടം, വടക്കുംതല. പി.ഒ., കരുനാഗപ്പള്ളി, കൊല്ലം- പിൻ- 690536.
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം